# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/222/2016 പത്രക്കുറിപ്പ് 2016 ഒക്ടോബർ 18

## എം.ജി: പി.ജി ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്മെന്റ് ഓപ്ഷൻ രജിസ്ട്രേഷൻ ഇന്നുകൂടി (ഒക്ടോബർ 19)

എം.ജി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്മെന്റിന് ഇന്നുകൂടി (ഒക്ടോബർ 19) പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പങ്കെടുക്കാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാം. ലോഗിൻ ചെയ്ത ശേഷം നേരത്തെ നൽകിയ അപേക്ഷയിൽ തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. സപ്ലിമെന്ററി അലോട്മെന്റ് ഒക്ടോബർ 24ന് പ്രസിദ്ധീകരിക്കും. www.cap.mgu.ac.in എന്ന സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

## ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം പരീക്ഷ

ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം (സി.ബി.സി.എസ്.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 21 ന് ആരംഭിക്കും. പരീക്ഷാ കേന്ദ്രങ്ങളിൽ താഴെ പറയുന്ന ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

## ബി.എ പരീക്ഷാ കേന്ദ്രം

കട്ടപ്പന ഗവ. കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്ത ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെയും, മറ്റ് മെയിൻ വിഷയങ്ങൾ തരഞ്ഞെടുത്തിട്ടുള്ളവർ നെടുങ്കണ്ടം കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെയും പരീക്ഷ എഴുതണം.

എറണാകുളം സെന്റ് ആൽബർട്സ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി ഹിസ്റ്ററി/ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ ഐരാപുരം സി.ഇ.ടി കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലും, ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികൾ തുരുത്തിപ്പള്ളി സെന്റ് മേരീസ് കോളജ് ഓഫ് കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസിലും, മലയാളം, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ് മെയിൻ വിദ്യാർത്ഥികൾ എടത്തല എം.ഇ.എസ് കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലും പരീക്ഷ എഴുതണം.

മണർകാട് സെന്റ് മേരീസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്ത റഗുലർ വിദ്യാർത്ഥികൾ പാലാ സെന്റ് തോമസ് കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

ഇടക്കൊച്ചി സിയന്ന കോളജ് ഓഫ് പ്രൊഫഷണൽ സ്റ്റഡീസ്, കൊച്ചി എസ്.ആർ.ബി.എസ് ഗുജറാത്തി കോളജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്ക് തെരഞ്ഞെടുത്തവർ ഇടക്കൊച്ചി അക്വിനാസ് കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

തേവര എസ്.എച്ച് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്ത സപ്ലിമെന്ററി വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി ഇടക്കൊച്ചി അക്വിനാസ് കോളജിൽ പരീക്ഷ എഴുതണം.

എറണാകുളം മഹാരാജാസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്ത സപ്ലിമെന്ററി വിദ്യാർത്ഥികൾ ഇടപ്പള്ളി സ്റ്റാസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്ററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി പിറമാടം ബി.പി.എസ് കോളജിൽ പരീക്ഷ എഴുതണം.

കോന്നി എസ്.എ.എസ് എസ്.എൻ.ഡി.പി യോഗം കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

പുത്തൻവേലിക്കര പ്രസന്റേഷൻ കോളജ് ഓഫ് അപ്ലൈഡ് സയൻസസ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്ത സപ്ലിമെന്ററി വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി കാക്കനാട് രാജഗിരി കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലൈഡ് സയൻസസിൽ പരീക്ഷ എഴുതണം.

ചങ്ങനാശ്ശേരി അസംപ്ഷൻ കോളജ് തെരഞ്ഞെടുത്തവർ കുരിശുംമൂട് സെന്റ് ജോസഫ്സ് കോളജ് ഓഫ് കമ്യൂണിക്കേഷനിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെയും പരീക്ഷ എഴുതണം.

ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ കോട്ടയം സി.എം.എസ് കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

അടിമാലി മാർ ബസേലിയോസ് കോളജ് (കുഞ്ചിത്തണ്ണി, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ) പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ രാജാക്കാട് മുല്ലക്കാനം സാൻജോസ് കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

മറ്റെല്ലാ വിദ്യാർത്ഥികളും അവരവർ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതണം.

## ബി.കോം പരീക്ഷാ കേന്ദ്രം

ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050035071 മുതൽ 35130 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ മണർകാട് സെന്റ് മേരീസ് കോളജിലും, രജി.നമ്പർ 35131 മുതൽ 35159 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികളും, 35261 മുതൽ 35291 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർത്ഥികളും നാട്ടകം ഗുഡ് ഷെപ്പേർഡ് കോളജിലും, മറ്റ് വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളജിലും പരീക്ഷ എഴുതണം.

ചങ്ങനാശ്ശേരി അസംപ്ഷൻ കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050012131 മുതൽ 12152 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ പള്ളം ബിഷപ്പ് സ്പീച്ചിലി കോളജിലും, രജി.നമ്പർ 12261 മുതൽ 12271 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർത്ഥികളും, 150050012371 ട്രാവൽ ആന്റ് ടൂറിസം വിദ്യാർത്ഥിയും, എല്ലാ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/സെമസ്റ്റർ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളും പാമ്പാടി കെ.ജി കോളജിലും പരീക്ഷ എഴുതണം.

കളമശ്ശേരി സെന്റ് പോൾസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050045061 മുതൽ 45160 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ ആലുവ ഭാരത് മാതാ കോളജ് ഓഫ് കൊമേഴ്സ് ആന്റ് ആർട്സിലും, രജി.നമ്പർ 45161 മുതൽ 45218 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യർത്ഥികൾ, 45321 മുതൽ 45362 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർത്ഥികളും പിറമാടം ബി.പി.എസ് കോളജിലും, മറ്റെല്ലാ വിദ്യാർത്ഥികളും കളമശ്ശേരി സെന്റ് പോൾസ് കോളജിൽ തന്നെയും പരീക്ഷ എഴുതണം

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050017496 മുതൽ 17595 വരെയുള്ളവർ റാന്നി സെന്റ് തോമസ് കോളജിലും, രജി.നമ്പർ 17596 മുതൽ 17626 വരെയും, രജി.നമ്പർ 17731 മുതൽ 17765 വരെയുമുള്ളവർ കോന്നി സെന്റ് തോമസ് കോളജിലും, മറ്റെല്ലാ വിദ്യാർത്ഥികളും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ തന്നെയും പരീക്ഷ എഴുതണം.

തലയോലപ്പറമ്പ് ഡി.ബി കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050022461 മുതൽ 150050022521 വരെയുള്ള വിദ്യാർത്ഥികൾ കീഴൂർ ഡി.ബി കോളജിലും, മറ്റുള്ള എല്ലാ വിദ്യാർത്ഥികളും തലയോലപ്പറമ്പ് ഡി.ബി കോളജിലും പരീക്ഷ എഴുതണം.

കോട്ടയം ഗവ. കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050026601 മുതൽ 26670 വരെയുള്ള വിദ്യാർത്ഥികൾ പാമ്പാടി കെ.ജി കോളജിലും, മറ്റുള്ള എല്ലാ വിദ്യാർത്ഥികളും കോട്ടയം ഗവ. കോളജിലും പരീക്ഷ എഴുതണം.

തൃപ്പൂണിത്തുറ ഗവ. ആർട്സ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി. നമ്പർ 150050023591 മുതൽ 23696 വരെയുള്ളവർ പൂത്തോട്ട എസ്.എ.എം കോളജ് ഓഫ് എജ്യൂക്കേഷനിലും, മറ്റെല്ലാ വിദ്യാർത്ഥികളും തൃപ്പൂണിത്തുറ ഗവ. ആർട്സ് കോളജിൽ തന്നെയും പരീക്ഷ എഴുതണം.

കാഞ്ഞിരപ്പള്ളി എസ്.ഡി കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050043981 മുതൽ 44073 വരെയുള്ളവരും, രജി.നമ്പർ 44181 മുതൽ 44207

വരെയുള്ളവരും പാലാ സെന്റ് തോമസ് കോളജിലും, രജി.നമ്പർ 44208 മുതൽ 44328 വരെയുള്ളവർ വാഴൂർ എസ്.വി.ആർ. എൻ.എസ്.എസ് കോളജിലും, മറ്റുള്ള എല്ലാ വിദ്യാർത്ഥികളും കാഞ്ഞിരപ്പള്ളി എസ്.ഡി കോളജിൽ തന്നെയും പരീക്ഷ എഴുതണം.

കാലടി എസ്.എസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി എല്ലാ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളും അങ്കമാലി ഡി.പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലും, മറ്റെല്ലാ വിദ്യാർത്ഥികളും കാലടി എസ്.എസ് കോളജിൽ തന്നെയും പരീക്ഷ എഴുതണം.

ആലുവ യു.സി കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050054651 മുതൽ 54770 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ നെല്ലിക്കുഴി ഇന്ദിരാ ഗാന്ധി കോളജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, മറ്റെല്ലാ വിദ്യാർത്ഥികളും ആലുവ യു.സി കോളജിൽ തന്നെയും പരീക്ഷ എഴുതണം.

തേവര എസ്.എച്ച് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ എറണാകുളം ചിന്മയ വിദ്യാപീഠിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

വൈക്കം സെന്റ് സേവ്യേഴ്സ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050048001 മുതൽ 48120 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ കുമരകം എസ്.എൻ ആർട്സ് ആന്റ് സയൻസ് കോളജിലും, മറ്റെല്ലാ വിദ്യാർത്ഥികളും വൈക്കം സെന്റ് സേവ്യേഴ്സ് കോളജിൽ തന്നെയും പരീക്ഷ എഴുതണം.

എറണാകുളം സെന്റ് ആൽബർട്സ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ ഇടപ്പള്ളി സ്റ്റാസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്ററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050042161 മുതൽ 42280 വരെയുള്ള കോ-ഓപ്പറേഷൻവിദ്യാർത്ഥികൾ പൂത്തോട്ട എസ്.എസ് കോളജിലും, രജി.നമ്പർ 42281 മുതൽ 42382 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ നോർത്ത് പറവൂർ എസ്.എൻ.ജിസ്റ്റ് ആർട്സ് ആന്റ് സയൻസ് കോളജിലും, രജി.നമ്പർ 42841 മുതൽ 42902 വരെയുള്ള ട്രാവൽ ആന്റ് ടൂറിസം വിദ്യാർത്ഥികൾ ആലുവ തോട്ടുമുഖം വൈ.എം.സി.എ കോളജിലും, രജി.നമ്പർ 42491 മുതൽ 42640 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർത്ഥികൾ പുത്തൻവേലിക്കര പ്രസന്റേഷൻ കോളജ് ഓഫ് അപ്ലൈഡ് സയൻസസിലും, രജി.നമ്പർ 42641 മുതൽ 42738 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർത്ഥികളും, എല്ലാ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/സെമസ്റ്റർ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളും ഇടക്കൊച്ചി ആവില കോളജ് ഓഫ് എജ്യൂക്കേഷനിലും പരീക്ഷ എഴുതണം.

എറണാകുളം സെന്റ് തെരേസാസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ പെരുമ്പാവൂർ രാജഗിരി വിശ്വജ്യോതി കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

ആലുവ സെന്റ് സേവ്യേഴ്സ് കോളജ് ഫോർ വുമൺ പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി. നമ്പർ 150050052581 മുതൽ 52680 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ മൂവാറ്റുപുഴ മാലിക് ദിനാർ ആർട്സ് ആന്റ് സയൻസ് കോളജിലും, മറ്റുള്ള എല്ലാ വിദ്യാർത്ഥികളും ആലുവ സെന്റ് സേവ്യേഴ്സ് കോളജ് ഫോർ വുമണിലും പരീക്ഷ എഴുതണം.

മൂലമറ്റം സെന്റ് ജോസഫ്സ് കോളജ്, തൊടുപുഴ അൽ-അസ്ഹർ കോളജ്, ന്യൂമാൻകോളജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തവർ തൊടുപുഴ ന്യൂമാൻ കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050032721 മുതൽ 32840 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ തൊടുപുഴ അൽ-അഹ്സർ കോളജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, രജി.നമ്പർ 32841 മുതൽ 32900 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ തൊടുപുഴ കോളജ് ഓഫ് അപ്ലൈഡ് സയൻസസിലും, രജി.നമ്പർ 32901 മുതൽ 32960 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ മൂലമറ്റം സെന്റ് ജോസഫ്സ് കോളജിലും, രജി.നമ്പർ 32961 മുതൽ 33001 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾ മൂലറ്റം സെന്റ് ജോസഫ് അക്കാഡമി ഓഫ് ഹയർ സ്റ്റഡീസിലും, രജി.നമ്പർ 33101 മുതൽ 33193 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർത്ഥികൾ തൊടുപുഴ ശാന്തിഗിരി കോളജ് ഓഫ് കംപ്യൂട്ടർ സയൻസിലും, മറ്റെല്ലാ വിദ്യാർത്ഥികളും തൊടുപുഴ ന്യൂമാൻ കോളജിൽ തന്നെയും പരീക്ഷ എഴുതണം.

അങ്കമാലി സെന്റ് ആൻസ് കോളജ്, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തവർ അങ്കമാലി സെന്റ് ആൻസ് കോളജ് കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

പിറവം ബി.പി.സി കോളജ്, മണിമലക്കുന്ന് ഗവ. കോളജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തവർ മണിമലക്കുന്ന് ഗവ. കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്ന പരീക്ഷ എഴുതണം.

കൊച്ചി കൊച്ചിൻ കോളജ്, ഇടക്കൊച്ചി അക്വാനാസ് കോളജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തവർ കൊച്ചി കൊച്ചിൻ കോളജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050019401 മുതൽ 19524 വരെയുള്ളവർ പെരുമ്പാവൂർ ജയ് ഭാരത് ആർട്സ് ആന്റ് സയൻസ് കോളജിലും, രജി.നമ്പർ 19525 മുതൽ 19650 വരെയുള്ളവർ കുഴിവേലിപ്പടി കെ.എം.ഇ.എ കോളജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, രജി.നമ്പർ 19651 മുതൽ 19797 വരെയുള്ളവരും, രജി.നമ്പർ 140050020551 എന്നിവർ ഇടക്കൊച്ചി അക്വിനാസ് കോളജിലും, രജി.നമ്പർ 150050020031 മുതൽ 20177 വരെയുള്ളവർ തൃക്കാക്കര കെ.എം.എം ആർട്സ് ആന്റ് സയൻസ് കോളജിലും, മറ്റുള്ള എല്ലാ വിദ്യാർത്ഥികളും കൊച്ചി കൊച്ചിൻ കോളജിൽ തന്നെയും പരീക്ഷ എഴുതണം.

കട്ടപ്പന ഗവ. കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050024951 മുതൽ 25095 വരെയുള്ളവർ പുറ്റടി ഹോളി ക്രോസ് കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലും, രജി.നമ്പർ 25096 മുതൽ 25241 വരെയുള്ളവർ ലബ്ബക്കട ജെ.പി.എം ബി.എഡ് കോളജിലും, മറ്റുള്ള എല്ലാ വിദ്യാർത്ഥികളും കട്ടപ്പന ഗവ. കോളജിൽ തന്നെയും പരീക്ഷ എഴുതണം.

മാലിയങ്കര എസ്.എൻ.എം കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150050038141 മുതൽ 38222 വരെയുള്ളവർ പുത്തൻവേലിക്കര പ്രസന്റേഷൻ കോളജ് ഓഫ് അപ്ലൈഡ് സയൻസസിലും, രജി.നമ്പർ 38223 മുതൽ 38348 വരെയുള്ളവർ കെടാമംഗലം എസ്.എൻ ആർട്സ് ആന്റ് സയൻസ് കോളജിലും, രജി.നമ്പർ 38349 മുതൽ 38516 വരെയുള്ളവർ നോർത്ത് പറവൂർ മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ ആർട്സ് ആന്റ് സയൻസ് കോളജിലും, രജി.നമ്പർ 38517 മുതൽ 38629 വരെയുള്ളവർ കുന്നുകര എം.ഇ.എസ് കോളജിലും, മറ്റെല്ലാ വിദ്യാർത്ഥികളും മാല്യങ്കര എസ്.എൻ.എം കോളജിൽ തന്നെയും പരീക്ഷ എഴുതണം.

എറണാകളം മഹാരാജാസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ ഇടപ്പള്ളി സ്റ്റാസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്ററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി തൃക്കാക്കര കെ.എം.എം കോളജിൽ പരീക്ഷ എഴുതണം.

ചങ്ങനാശ്ശേരി എസ്.ബി കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് കമ്യൂണിക്കേഷനിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

അടിമാലി മാർ ബസേലിയോസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ രാജാക്കാട് സാൻജോ കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

മറ്റെല്ലാ വിദ്യാർത്ഥികളും അവരവർ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതണം. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## എം.എസ്.ഡബ്ല്യു പ്രവേശനപ്പരീക്ഷ ഒക്ടോബർ 23ന്

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളജുകളിലെ സോഷ്യൽ വർക്ക് (എം.എസ്.ഡബ്ല്യു) പ്രോഗ്രാമിലേക്കുള്ള പ്രവേശനപ്പരീക്ഷ ഒക്ടോബർ 23ന് (ഞായറാഴ്ച) രാവിലെ 11 മണിക്ക് കോട്ടയം സി.എം.എസ് കോളജിൽ വച്ച് നടത്തും. എല്ലാ അപേക്ഷകർക്കും അഡ്മിറ്റ് കാർഡുകൾ തപാലിൽ അയച്ചിട്ടുണ്ട്. തപാലിൽ അഡ്മിറ്റ് കാർഡ് ലഭിക്കാൻ കാലതാമസം വരുന്നപക്ഷം www.mgu.ac.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡ്മിറ്റ് കാർഡിന്റെ മാതൃക ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് ഫോട്ടോ പതിച്ച് പരീക്ഷാ ഹാളിൽ ഹാജരാകാവുന്നതാണ്. ഫോൺ 0481-6555562.

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.എ കോർപ്പറേറ്റ് ഇക്കണോമിക്സ് (സി.ബി.സി.എസ്.എസ്) ഓപ്പൺ കോഴ്സിന്റെ ഇംഗ്ലീഷ് ഫോർ കരിയർസ് ആപ്ലിക്കബിൾ മാത്തമാറ്റിക്സ് പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 21ന് നടത്തും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## ഓൺലൈൻ രജിസ്ട്രേഷൻ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിരുദ പരീക്ഷകളുടെ (2015-16 അഡ്മിഷൻ) ഓൺലൈൻ രജിസ്ട്രേഷനുള്ള സമയപരിധി ഒക്ടോബർ 25ന് വൈകിട്ട് 5 മണി വരെയായി ദീർഘിപ്പിച്ചു. പരീക്ഷാ ഫീസ് അടയ്ക്കുന്നതിന് മുൻപ് നിശ്ചയിച്ച തീയതികളിൽ മാറ്റമില്ല.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി മറ്റീരിയൽ സയൻസ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ വച്ച് ഒക്ടോബർ 27, 28 തീയതികളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭിക്കും.

## വൈവാ വോസി പരീക്ഷ

2016 ജൂൺ/ജൂലൈ മാസങ്ങളിൽ നടത്തിയ എം.കോം പ്രൈവറ്റ് (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ വൈവാ വോസി പരീക്ഷ ഒക്ടോബർ 21 മുതൽ തെരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 1 വരെ സ്വീകരിക്കും.

2016 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെന്റ സയൻസ് ആന്റ് മാനേജ്മെന്റ് (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2015 സെപ്തംബർ മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ അറബിക് പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ റഗുലർ സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഒക്ടോബർ 31 വരെ സ്വീകരിക്കും.

## ബി.എസ്.സി നഴ്സിങ്/എം.എൽ.റ്റി നഴ്സിങ് കൗൺസിലിംഗ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ എസ്.സി വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ്/എം.എൽ.റ്റി യിൽ (റാങ്ക് നമ്പർ 1501 മുതൽ 1680 വരെ) ഒഴിവുള്ള സീറ്റുകളിലേക്ക് ഒക്ടോബർ 24ന് രാവിലെ 11 മണിക്ക് കൗൺസിലിംഗ് നടത്തുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള വിദ്യാർത്ഥികൾ റ്റി.സി ഒഴികെയുള്ള എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും നിശ്ചിത ഫീസുമായി രക്ഷിതാക്കളോടൊപ്പം കോട്ടയം ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. വിശദ വിവരങ്ങൾക്ക് ഫോൺ 0481-6061014, 6061012, വെബ് സൈറ്റ് www.sme.edu.in

## ബി.എൽ.ഐ.എസ്.സി: എസ്.ടി സീറ്റൊഴിവ്

എം.ജി സർവ്വകലാശാലയിലെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഡിപ്പാർട്ട്മെന്റിൽ 2016-17 വർഷത്തെ ബി.എൽ.ഐ.എസ്.സി കോഴ്സിന് എസ്.ടി വിഭാഗം സീറ്റൊഴിവിലേക്ക് ഒക്ടോബർ 21ന് സ്പോട്ട് അഡ്മിഷൻ നടത്തും. താൽപര്യമുള്ളവർ രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി നേരിട്ട് ഹാജരാകണം. 40 ശതമാനത്തിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ 0481-2732948, 9747581437.

## അക്കാഡമിക് കൗൺസിൽ മീറ്റിംഗ്

എം.ജി സർവ്വകലാസാല അക്കാഡമിക് കൗൺസിൽ മീറ്റിംഗ് നവംബർ 19ന് രാവിലെ 10 മണിക്ക് സെനറ്റ് ഹാളിൽ വച്ച് നടത്തും. പ്രസ്തുത മീറ്റിംഗിൽ അവതരിപ്പിക്കുന്നതിനുള്ള പ്രമേയങ്ങളുടെ കോപ്പികൾ ഒക്ടോബർ 28ന് മുൻപ് രജിസ്ട്രാർക്ക് ലഭ്യമാക്കണം.

## സി.എച്ചിന്റെ പ്രവർത്തനങ്ങൾ മാതൃകാപരം: ഡോ. ഷീന ഷുക്കൂർ

മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ് കോയയുടെ രാഷ്ട്രീയ നിലപാടുകളും, വീക്ഷണങ്ങളും, പ്രവർത്തനങ്ങളും മാതൃകാപരവും കേരള സമൂഹത്തിൽ ഇന്നും പ്രസക്തവുമാണെന്ന് മഹാത്മാ ഗാന്ധി സർവ്വകലാശാല പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ അഭിപ്രായപ്പെട്ടു. ഈ നാടിന്റെ ബഹുസ്വരതയെ സംരക്ഷിച്ചും, ശക്തിപ്പെടുത്തിയും കൊണ്ടുതന്നെ സാമുദായിക പരിഷ്കരണം നടത്തിയ നവോത്ഥാന നായകനായിരുന്നു സി.എച്ച് എന്ന ബഹുമുഖ പ്രതിഭ. എം.ജിസർവ്വകലാശാല സി.എച്ച്.മുഹമ്മദ് കോയ ചെയർ സംഘടിപ്പിച്ച സി.എച്ച്. അനുസ്മരണ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. സി.എച്ച്. മുഹമ്മദ് കോയ ചെയർ മേധാവി ഡോ. എ.എം സുബൈർ ഹുദവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. സി.എച്ച്. അബ്ദുൾ ലത്തീഫ്, പി.കെ.ഫിറോസ്, വിവേകാനന്ദ ചെയർ മേധാവി പ്രൊഫ. ഒ.എം. മാത്യു, എൻ.എസ്.എസ് കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് മേധാവി ഡോ. എ.എം. തോമസ്, ഡോ. മുഹമ്മദ് മുസ്തഫ, ലിറാർ പുളിക്കലകത്ത് എന്നിവർ സംസാരിച്ചു.

## അടിക്കുറിപ്പ്

എം.ജിസർവ്വകലാശാല സി.എച്ച്.മുഹമ്മദ് കോയ ചെയർ സംഘടിപ്പിച്ച അനുസ്മരണ സംഗമം പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)